SET:1

# INDIAN SCHOOL SOHAR
## PERIODIC TEST- I (2017-18)
## MALAYALAM

No. of printed pages:1

**DATE: 21-5-17** **MARKS: 20**
**STD:X** **TIME: 40 Minutes**

**1.താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തും ഇംഗ്ലീഷ് സാഹിത്യത്തിൽ പ്രചാരം നേടിയ ഒരു പ്രവണതയാണ് കാല്പനികത. വൈയക്തിക അനുഭവങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതായിരുന്നു കാല്പനികപ്രസ്ഥാനം. അനുഭവങ്ങളുടെയും അനുഭൂതികളുടെയും ആകാശപ്പരപ്പിൽ സ്വച്ഛന്ദം വിഹരിക്കാൻ ആഗ്രഹിക്കുന്നവരായിരുന്നു കാല്പനികർ. അന്തർമുഖത്വം അവരുടെ പ്രത്യേകതയാണ്.

മറ്റെന്തിനെക്കാളും ഇവർക്ക് സ്വാനുഭവങ്ങളിൽ ആയിരുന്നു ശ്രദ്ധ. ഭാവന, കവിത്വശക്തി, കറകളഞ്ഞ പ്രതിഭ, പ്രകൃതി സൗന്ദര്യത്തിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള താല്പര്യം ഇവ കാല്പനികരെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തരാക്കി. ചടുലവും സുന്ദരവുമായിരുന്നു കാല്പനീകരുടെ ഭാഷ. ഭാവോജ്ജ്വലതയിൽ വിശ്വസിച്ചിരുന്ന കാല്പനികർ പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കാൻ ആഗ്രഹിച്ചു. ആ സൗന്ദര്യത്തെ അപ്പാടെ ആവിഷ്ക്കരിക്കാൻ ഉള്ള വ്യഗ്രതയിൽ സ്വയം മറന്ന് അവരുടേതായ സങ്കല്പലോകത്തിൽ മാത്രം ജീവിച്ചു. വിപ്ലവകരമായ കഥാപാത്രങ്ങളെ അവതരിപ്പിക്കാനും കാവ്യരചനയിൽ പുതിയ പരീക്ഷണങ്ങൾ നടത്താനും റൊമാന്റിക് കവികൾ ശ്രദ്ധിച്ചു.

a) കാല്പനികപ്രസ്ഥാനക്കാരുടെ പ്രത്യേകത എന്ത്? (1)

b) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. (1)

c) കാല്പനികത സജീവമായ കാലഘട്ടം ഏത്? (1)

d) മറ്റുള്ളവരിൽ നിന്ന് കാല്പനിക കവികളെ വ്യത്യസ്തരാക്കിയത് എന്ത്? (1)

**2.ആശയം വിശദീകരിക്കുക.** (3)

a) 'മുല്ലപ്പൂമ്പൊടിയേറ്റ് കിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം'

**3.ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക.** (3)

a) പാഥേയം എന്ന പദത്തിന്റെ അർത്ഥം ? (വഴിച്ചോറ്, യുദ്ധം, കടൽ )

b) അർണവം എന്ന പദത്തിന്റെ പര്യായപദങ്ങളേത്? (കടൽ, കുക്കുടം, രത്നാകരം)

c) കോടച്ചി കൊടുത്തുവിട്ട പൊതിച്ചോറിനുണ്ടായ പരിണാമം എന്ത്?
(ബലിച്ചോറായി മാറി , ബലിക്കാക്കയായി മാറി, കാറ്റായി മാറി)

**4.വാക്യത്തിലെ തെറ്റ് തിരുത്തുക.** (1)

ഒഴിവുള്ള വിശ്രമസമയങ്ങൾ പ്രാർത്ഥിക്കാനും സുവിശേഷപ്രസംഗം കേൾക്കാനും അവൻ ചെലവാക്കി.

**5.പ്രയോഗം മാറ്റുക.** (1)

ചിലർ അവന്റെ പ്രവൃത്തിയെ മാനിക്കുകയും ചെയ്തു.

**6.ഉത്തരമെഴുതുക.**

a) "വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്നു കൂട്ടനിലവിളി ഉയർന്നു".
കൂട്ടനിലവിളിക്ക് പ്രേരകമായത് എന്തെല്ലാമായിരിക്കും? വിവരിക്കുക. (2)

b) 'കടൽത്തീരത്ത്' എന്ന കഥയിലെ വെള്ളായിയപ്പന്റെ സ്വഭാവസവിശേഷതകൾ വിവരിക്കുക. (2)

c) കുഞ്ഞൻപിള്ള സർക്കാർ ഉദ്യോഗം അവസാനിപ്പിച്ചതെങ്ങനെ? (2)

d) കുഞ്ഞന് 'ചട്ടമ്പി' എന്ന വിശേഷണം ലഭിച്ചത് എങ്ങനെ? (2)